(b) which are the new taluks to be sanctioned as per the new proposal and when will it be sanctioned?

Answer

(a, b) Government are examining the scopes for reorganising the existing taluks in the State in general. No final decision has been taken in the matter so far.

ഷെഡ്യൂൾ കൃാൻസലൈസേഷൻ

(952) ശ്രീ. പി. വിജയദാസ്:

,, കെ. ശങ്കരനാരായണപ്പിള്ള: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗതവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 1984–85-ൽ സംസ്ഥാനത്തൊട്ടാകെ ശരാശരി ഷെഡ്യൂൾ കൃാൻസലേഷൻ ശതമാനം എത്രയായിരുന്നു;

(ബി) ഷെഡ്യൂൾ കൃാൻസലേഷനും ട്രിപ്പ് കൃാൻസലേഷനും കാരണം പ്രസ്തുത വർഷത്തിലെ വരുമാനത്തിൽ ഉണ്ടായിട്ടുള്ള കുറവ് എത്രയാണ്;

(സി) ഏതെല്ലാം കാരണങ്ങൾകൊണ്ടാണ് ഈ കൃാൻസലേഷൻ ഉണ്ടാകുന്നത്?

ഉത്തരം

(എ) 1984–85-ൽ സംസ്ഥാനത്തൊട്ടാകെ 21.81% ഷെഡ്യൂൾഡ് കിലോമീറ്റർ കൃാൻസൽ ചെയ്യേണ്ടിവന്നിട്ടുണ്ട്.

(ബി) ഏകദേശം 20 കോടി രൂപയോളം വരുമാനത്തിൽ കുറവുണ്ടായിട്ടുണ്ട്.

(സി) ബസ്സുകളുടെ കുറവു മൂലമാണ് പ്രധാനമായും ഷെഡ്യൂൾ കൃാൻസലേഷൻ വേണ്ടിവരുന്നത്. വഴിമദ്ധ്യേ ഉണ്ടാകുന്ന അപകടങ്ങൾ ബ്രേക്ഡൗണുകൾ, മാർഗ്ഗതടസ്സങ്ങൾ എന്നിവമൂലവും ട്രിപ്പ് കൃാൻസലേഷൻ ഉണ്ടാകാറുണ്ട്.

ടയർ, സ്പെയർപാർട്ട്സ് ക്ഷാമംമൂലം കൃാൻസൽ ചെയ്തിട്ടുള്ള ഷെഡ്യൂളുകൾ

(953) ശ്രീ. കെ. പി. രാമൻ:

,, കെ. പി. എ. മജീദ്:

,, സി. ടി. അഹമ്മദ്അലി:

,, പി. കെ. കെ. ബാവ:

,, പി. സീതിഹാജി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗതവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 1985 സെപ്റ്റംബറിൽ ടയർ, സ്പെയർപാർട്ട്സ് ഇവയുടെ ക്ഷാമംമൂലം കെ. എസ്. ആർ. ടി. സി. ഷെഡ്യൂളുകൾ കൃാൻസൽ ചെയ്തിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഉണ്ടെങ്കിൽ ഏതെല്ലാം ഡിപ്പോകളിലെ ഷെഡ്യൂളുകളാണ് എന്നു വ്യക്തമാക്കാമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) എല്ലാ ഡിപ്പോകളിലേയും ഷെഡ്യൂളുകളും ക്യാൻസൽ ചെയ്യേണ്ടിവന്നിട്ടുണ്ട്.

പാലാ—ഉടയഗിരി ഫാസ്റ്റ്പാസഞ്ചർ സർവ്വീസ്

(954) ശ്രീ. കെ. സി. ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗതവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാലാ ഡിപ്പോയിൽനിന്നും ഓപ്പറേറ്റ് ചെയ്തുവന്ന പാലാ— ഉടയഗിരി ഫാസ്റ്റ്പാസഞ്ചർ സർവ്വീസ് പുനരാരംഭിക്കാൻ 11914/ബി2/85/ററി. ആർ. സി. കത്ത് പ്രകാരം ട്രാൻസ്പോർട്ട് സെക്രട്ടറി രേഖാമൂലം കെ. എസ്. ആർ. ടി. സി. മാനേജിംഗ് ഡയറക്ടർക്ക് നിർദ്ദേശം നൽകിയിട്ടുണ്ടോ;

(ബി) ഈ നിർദ്ദേശം നടപ്പിലാക്കിയോ;

(സി) ഇല്ലെങ്കിൽ അതിന്റെ കാരണം വെളിപ്പെടുത്തുമോ;

(ഡി) 1985 ജനുവരി ഒന്നിനുശേഷം സംസ്ഥാനത്ത് പുതുതായി ഏതെല്ലാം റൂട്ടുകളിൽ പുതിയ ഫാസ്റ്റ്പാസഞ്ചർ സർവ്വീസുകൾ ആരംഭിച്ചുവെന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി, സി) സെപ്റ്റംബർ മാസം ആദ്യ ആഴ്ച മുതൽ ഈ സർവ്വീസ് പുനരാരംഭിച്ചിട്ടുണ്ട്.

(ഡി) കോട്ടയം — ചോലത്തടം കീഴ്പ്പള്ളി — കോട്ടയം മരനന്തവാടി എന്നീ മൂന്നു റൂട്ടുകളിൽ ഓരോ ഫാസ്റ്റ്പാസഞ്ചർ സർവ്വീസുകൾവീതം 1985 ജനുവരിക്കുശേഷം തുടങ്ങിയിട്ടുണ്ട്.

Supply of spare parts

(956) **Dr. A. Subba Rao**: Will the Minister for Transport be pleased to State:

(a) Whether the Government are aware that enough spare parts are not being supplied to K.S.R.T.C. Sub Depot, Kasargod.

(b) If so what steps have the Government taken to supply them so that the buses can be operated regularly?

Answer

(a) and (b) Due to financial tightness sufficient quantities of

LIBRARY ARCHIVES Kerala Legislative Assembly